**ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം**
(ഹാജർ : അബുൽകലാം.എം.)

വിഷയം: തൊഴിൽ വകുപ്പ് - ജീവനകാര്യം - 2021 -ലെ ക്ലാർക്ക് തസ്തികയിലെ പൊതുസ്ഥലംമാറ്റം - റിവൈസ്ഡ് കരട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന:-

1. ഈ കാര്യാലയത്തിലെ 25/06/2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2. ക്ലാർക്ക് ശ്രീ. ലിജിൽ. എ.എസ്.കെ -യുടെ 29/06/2021 തീയതിയിലെ ഹർജി.
3. ക്ലാർക്ക് ശ്രീമതി. തുഷാര.സി.ജി -യുടെ 28/06/2021 തീയതിയിലെ ഹർജി.
4. ക്ലാർക്ക് ശ്രീ. ദിലീപ്.വി.വി -യുടെ 29/06/2021 തീയതിയിലെ ഹർജി.
5. ക്ലാർക്ക് ശ്രീ. രേണ്‍. പി.ആർ -ന്റെ 02/07/2021 തീയതിയിലെ ഹർജി.
6. സീനിയർ ക്ലാർക്ക് ശ്രീമതി. സിന്ധു.എസ്. നായരുടെ 25/06/2021 തീയതിയിലെ ഹർജി.
7. ക്ലാർക്ക് ശ്രീമതി. ഷൈനി ജോസിന്റെ 30/06/2021 തീയതിയിലെ ഹർജി.
8. സീനിയർ ക്ലാർക്ക് ശ്രീ. സതീന്ദ്രൻ. ഡി -യുടെ 29/06/2021 തീയതിയിലെ ഹർജി
9. ക്ലാർക്ക് ശ്രീമതി. സജിത.എസ് -ന്റെ 28/06/2021 തീയതിയിലെ ഹർജി
10. സീനിയർ ക്ലാർക്ക് ശ്രീ. സാജൻ ബാബു മർണ്ണാടിയന്റെ 28/06/2021 തീയതിയിലെ ഹർജി.
11. സീനിയർ ക്ലാർക്ക് ശ്രീ. ഹാരിസ്. ബി.എം. -ന്റെ 05/07/2021 തീയതിയിലെ ഹർജി.
12. സ.ഉ(പി) 03/2017/ഉഭപവ തീയതി 25/02/2017 സർക്കാർ ഉത്തരവ്.

*************

**ഉത്തരവ് നം.ഇ(6) 7800/2021 തീയതി: 09/07/2021**

വായന (1) പ്രകാരം തൊഴിൽ വകുപ്പിൽ 2021 -ലെ ക്ലാർക്ക് തസ്തികയിൽ പൊതുസ്ഥലംമാറ്റം നടത്തി കരട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് അന്തിമമാക്കുന്നതിനെതിരെ ആക്ഷേപങ്ങൾ/പരാതികൾ ഉള്ളവർ 05/07/2021 തീയതിയ്ക്കകം അപേക്ഷ നേരിട്ട് സമർപ്പിക്കുന്നതിന് നിഷ്കർഷിച്ചതിൻ പ്രകാരം വായന(2) മുതൽ (11) വരെ ഹർജി ലഭിച്ചിട്ടുണ്ട്.

2. മേൽ പറഞ്ഞ ഹർജികൾ ബന്ധപ്പെട്ടവരുടെ സർവ്വീസ് ഹിസ്റ്ററി സഹിതം വിശദമായി പരിശോധിച്ചു.

എ) തളിപ്പറമ്പ് അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ക്ലാർക്കായ തന്നെ കണ്ണൂർ ജില്ലാ ലേബർ ഓഫീസിലേയ്ക്ക് പൊതുസ്ഥലംമാറ്റ കരട് ഉത്തരവിൽ സ്ഥലംമാറ്റിയതായും ടിയാന്റെ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ലേബർ കോടതി കണ്ണൂർ എന്ന ഓപ്ഷൻ മാത്രമാണ് നൽകിയിട്ടുള്ളതെന്നും, കണ്ണൂർ ലേബർ കോടതിയിലെ 2

ക്ലാർക്കുമാർ നിലവിൽ മൂന്ന് വർഷത്തിൽ അധികമായി ജോലി ചെയ്തുവരുന്നുവെന്നും ആയതിനാൽ ടിയാന് കണ്ണൂർ ലേബർ കോടതിയിൽ സ്ഥലംമാറ്റം അനുവദിക്കണമെന്നുമാണ് ശ്രീ. ലിജിൽ. എ.എസ്.കെ. ഹർജിയിൽ ബോധിപ്പിച്ചിരിക്കുന്നത്. പരിശോധനയിൽ ശ്രീ. ലിജിൽ. എ. എസ്. കെ -യുടെ വാദഗതികൾ വായന(12) -ലെ ജനറൽ ട്രാൻസ്ഫർ നോംസ് പ്രകാരം അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

ബി) കണ്ണൂർ രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി. തുഷാര. സി.ജി. -യുടെ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ആദ്യത്തെ പരിഗണന പയ്യന്നൂർ അസിസ്റ്റന്റ് ലേബർ ഓഫീസും, രണ്ടാമത്തെ പരിഗണന തളിപ്പറമ്പ് അസിസ്റ്റന്റ് ലേബർ ഓഫീസുമാണ് നൽകിയിരുന്നതെന്നും എന്നാൽ, പൊതുസ്ഥലംമാറ്റ കരട് ഉത്തരവിൽ രണ്ടാമത്തെ ഓപ്ഷൻ ആയ തളിപ്പറമ്പ് അസിസ്റ്റന്റ് ലേബർ ഓഫീസിൽ ആണ് നൽകിയിട്ടുള്ളതെന്നും പയ്യന്നൂർ നിവാസിയായ ടിയാൾക്ക് ആദ്യത്തെ ഓപ്ഷൻ പ്രകാരം പയ്യന്നൂർ ഓഫീസിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നുമാണ് ഹർജിയിൽ ബോധിപ്പിച്ചിരിക്കുന്നത്. ടിയാൾ ആവശ്യപ്പെട്ട ഓഫീസിലേയ്ക്ക് അതേ ജില്ലയിലെ ടിയാളെക്കാൾ സർവ്വീസ് ദൈർഘ്യമുള്ള മറ്റൊരു ഉദ്യോഗസ്ഥൻ പൊതു സ്ഥലംമാറ്റ അപേക്ഷ നൽകിയതിനാൽ ശ്രീമതി.തുഷാര.സി.ജി -യുടെ ഹർജി വായന (12) -ലെ ജനറൽ ട്രാൻസ്ഫർ നോംസ് പ്രകാരം പരിഗണനാർഹമല്ല.

സി) കണ്ണൂർ മൂന്നാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. ദിലീപ്. വി. വി – -യുടെ ഹർജിയിൽ തന്റെ പൊതുസഥലംമാറ്റ അപേക്ഷ മൂന്ന് വർഷം പൂർത്തിയായില്ല എന്ന കാരണത്താൽ പൊതുസ്ഥലംമാറ്റ കരട് ഉത്തരവിൽ നിരസിച്ചതായി കാണുന്നു എന്നും 25/02/2021 തീയതിയിലെ ജി.ഒ(പി) 03/2017/ഉഭപവ പ്രകാരം ഉത്തരവിൽ ജില്ലാന്തര സഥലംമാറ്റങ്ങൾക്ക് ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയവരെ പരിഗണിക്കാം എന്നും താൻ 2017 ഫെബ്രുവരി മാസം 14 മുതൽ കണ്ണൂർ ജില്ലാ ലേബർ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചു എന്നും 2019 നവംബർ മാസം ഭരണസൗകര്യാർത്ഥം നടത്തിയ സ്ഥലംമാറ്റത്തിൽ ഇതേ സ്റ്റേഷനിൽ തന്നെ പ്രവർത്തിക്കുന്ന കണ്ണൂർ മൂന്നാം സർക്കിളിൽ തന്നെ സ്ഥലം മാറ്റിയെന്നും ഈ രണ്ടു ഓഫീസുകളിലുമായി സേവനകാലം 4 വർഷവും 4 മാസത്തിലും അധികമായെന്നും ആയതിനാൽ പൊതുസഥലംമാറ്റ അപേക്ഷയിൽ ഒന്നാം ഓപ്ഷൻ ആയി നൽകിയ പയ്യന്നൂർ അസിസ്റ്റന്റ് ലേബർ ഓഫീസിലേയ്ക്ക് പരിഗണിക്കണമെന്നും ശ്രീ. ദിലീപ്.വി.വി ബോധിപ്പിച്ചിരിക്കുന്നു. ശ്രീ. ദിലീപ്.വി.വി -യുടെ വാദഗതികൾ വായന(12) -ലെ ജനറൽ ട്രാൻസ്ഫർ നോംസ് പ്രകാരം അംഗീകരിക്കത്തക്കതാണെന്ന് കാണുന്നു.

ഡി) തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ.രേൺ.പി.ആർ, പൊതുസ്ഥലംമാറ്റ കരട് ഉത്തരവിൽ തന്റെ അപേക്ഷ പരിഗണിച്ചിട്ടില്ലായെന്നും ടിയാൻ 2012 ജൂലൈ 19 -ന് സ്പോർട്സ് ക്വാട്ടയിൽ സൂപ്പർ ന്യൂമററിയായി ജോലിയിൽ പ്രവേശിച്ചുവെന്നും നിലവിൽ തൃശ്ശൂർ ജില്ലാ ലേബർ ഓഫീസിൽ ഒഴിവ് ഉള്ളതാണെന്നും പ്രായമായ അമ്മയും ഭാര്യയും 1 വയസ്സും 7 വയസ്സുമുള്ള രണ്ട് പെൺകുട്ടികളുമാണ് ഉള്ളതെന്നും ആയതിനാൽ പൊതുസ്ഥലംമാറ്റ അപേക്ഷ പരിഗണിക്കണമെന്ന് ടിയാന്റെ ഹർജിയിൽ ബോധിപ്പിച്ചിരിക്കുന്നത്. സൂപ്പർ ന്യൂമററി തസ്തിക ആയതിനാലും സർവ്വീസ് റെഗുലറൈസ് ചെയ്യാത്തതിനാലും വായന(12)- ലെ ജനറൽ ട്രാൻസ്ഫർ നോംസ് പ്രകാരം പരിഗണനാർഹമല്ല.

ഇ) പത്തനംതിട്ട ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. സിന്ധു. എസ്. നായർ പൊതുസ്ഥലംമാറ്റം നൽകിയ കരട് ഉത്തരവിൽ നിന്നും തന്നെ ഒഴിവാക്കി നിലവിലെ ഓഫീസിൽ നിലനിർത്തണമെന്ന് ബോധിപ്പിച്ചിരിക്കുന്നു. ടി ആവശ്യം അംഗീകരിക്കാവുന്നതാണ് എന്ന് കാണുന്നു.

എഫ്) പാല അസിസ്റ്റന്റ് ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീമതി. ഷൈനി ജോസ്-ന് 3 വർഷം പൂർത്തിയായതിനാൽ കോട്ടയം ജില്ലാ ലേബർ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം നൽകിയെന്നും, ടിയാൾക്ക് കോട്ടയം ജില്ലാ ലേബർ ഓഫീസിൽ എത്തിച്ചേരുന്നതിന് മൂന്ന് ബസ്സുകൾ മാറിക്കയറണം എന്നും തിരികെ 8 മണിയോടുകൂടി മാത്രമേ മലയോരപ്രദേശവും വാഹന സൗകര്യവും അപര്യാപ്തമായ ഈ പ്രദേശത്തുള്ള വീട്ടിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂയെന്നും കൂടാതെ രണ്ടു കുട്ടികളും ടിയാളും മാത്രമാണ് വീട്ടിൽ താമസിക്കുന്നതെന്നും കടുത്ത പ്രമേഹരോഗിയും കൂടി ആണെന്നും, ആയതിനാൽ പൊതുസ്ഥലംമാറ്റ കരട്ഉത്തരവിൽ നിന്നും ഒഴിവാക്കുകയോ, അനിവാര്യമാണെങ്കിൽ ഇടുക്കി ജില്ലയിലെ തൊടുപുഴയിലെ ഏതെങ്കിലും ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നും ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ളത്.

ജി) ആലപ്പുഴ ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. സതീന്ദ്രൻ.ഡി -യെ മങ്കൊമ്പ് അസിസ്റ്റന്റ് ലേബർ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയെന്നും ടിയാന് ഇനി 2 വർഷവും 3 മാസവുമാണ് സർവ്വീസ് ഉള്ളതെന്നും സ്ഥലംമാറ്റിയ ഓഫീസിൽ എത്താൻ 42 കിലോമീറ്റർ യാത്രചെയ്യണമെന്നും ശാരീരിക ബുദ്ധിമുട്ട് ഉള്ളതാണെന്നും ആയതിനാൽ പൊതുസ്ഥലംമാറ്റ കരട് ഉത്തരവിൽ നിന്ന് ടിയാനെ ഒഴിവാക്കണമെന്ന് ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥരുടെ കുടുംബ പ്രാരാബ്ദങ്ങളെ മുൻനിർത്തി വകുപ്പിന്റെ ജനറൽ ട്രാൻസ്ഫറുകൾ നടപ്പിലാക്കാതിരിക്കുന്നത് ഭരണപരമായ അസൗകര്യങ്ങളുണ്ടാകും. ഈ സാഹചര്യത്തിൽ ശ്രീ. സതീന്ദ്രൻ. ഡി -യുടെ ഹർജി പരിഗണനാർഹമല്ല.

എച്ച്) ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീമതി. സജിത -യെ പാലക്കാട് ജില്ലാ ലേബർ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിരുന്നു. എന്നാൽ ടിയാൾ നിലവിൽ ജോലി ചെയ്യുന്ന ഓഫീസിൽ 3 വർഷം പൂർത്തീകരിച്ചിട്ടില്ലായെന്നും ഭർത്താവിന് ഹൃദയസംബന്ധമായ ശസ്ത്രക്രിയ നടന്നിട്ട് വിശ്രമമാണെന്നും കൂടാതെ 40 കി.മീ. യാത്ര ചെയ്താലേ സ്ഥലംമാറ്റം കിട്ടിയ ഓഫീസിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളു എന്നും ആയതിനാൽ പൊതുസ്ഥലംമാറ്റ കരട് ഉത്തരവിൽ നിന്നും ഒഴിവാക്കി നിലവിലെ ഓഫീസിൽ തുടരാൻ അനുവദിക്കണമെന്നും ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ളത്.

ഐ) പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ. മജീഷ്.ബി -യ്ക്ക് കരട് പൊതുസ്ഥലംമാറ്റ ഉത്തരവിൽ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നുവെങ്കിലും വായന (9) പ്രകാരമുള്ള അപ്പീൽ പരിഗണിക്കേണ്ടതുള്ളതിനാലും ടിയാന്റെ മറ്റ് ഓപ്ഷൻ പരഗണിക്കാൻ സാധിക്കാത്തതിനാലും ടിയാന്റെ പൊതുസ്ഥലംമാറ്റ അപേക്ഷ വായന(12) ജനറൽ ട്രാൻസ്ഫർ നോംസ് പ്രകാരം പരിഗണനാർഹമല്ല.

ജെ) കാസറഗോഡ് അസിസ്റ്റന്റ് ലേബർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. സാജൻ ബാബു മർണ്ണാടിയൻ നിലവിൽ 3 വർഷം പൂർത്തിയായതിനാൽ തന്നെ കോഴിക്കോട് ജില്ലാ ലേബർ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നുവെന്നും ടിയാൻ 3 മാസം മുൻപാണ് വിവാഹം കഴിച്ചതെന്നും ഭാര്യ കണ്ണൂർ ജില്ലയിലെ കൊട്ടില ഹയർസെക്കണ്ടറി സ്കൂളിൽ അധ്യാപികയാണെന്നും, കൂടാതെ ടിയാൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരനാണെന്നും, വാർദ്ധക്യ സഹജമായ അസുഖം ഉള്ള മാതാവും, ഭാര്യയും തന്റെ സംരക്ഷണയിൽ ആണെന്നും ആയതിനാൽ പൊതുസ്ഥലംമാറ്റ കരട് ഉത്തരവിൽ നിന്നും ഒഴിവാക്കിതരണമെന്നും അല്ലാത്തപക്ഷം കാസറഗോഡ്, കണ്ണൂർ ജില്ലകളിലെ ഒഴിവുകളിലേയ്ക്ക് പരിഗണിക്കണമെന്നും ഹർജിയിൽ ടിയാൻ ബോധിപ്പിച്ചിട്ടുള്ളത്. പരിശോധനയിൽ ശ്രീ. സാജൻ ബാബു മർണ്ണാടിയാന്റെ വാദഗതികൾ വായന (12) -ലെ ജനറൽ ട്രാൻസ്ഫർ നോംസ് പ്രകാരം അംഗീകരിക്കത്തക്കതാണെന്ന് കാണുന്നു.

കെ) പൊതുസ്ഥലംമാറ്റ കരട് ഉത്തരവിൽ ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ഹാരിസ്. ബി.എം -നെ കാസറഗോഡ് അസിസ്റ്റൻ ലേബർ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നു. എന്നാൽ, താൻ പൊതുസ്ഥലംമാറ്റ അപേക്ഷയിലെ ഒന്നാമത്തെ ഓപ്ഷൻ ആയി ജില്ലാ ലേബർ ഓഫീസ് കാസറഗോഡ് ആണ് നൽകിയിരുന്നതെന്നും തനിക്ക് ശാരീരിക ബുദ്ധിമുട്ട് ഉള്ളതിനാൽ ചികിത്സ തേടുന്നതിനുള്ള സൗകര്യാർത്ഥം കാസറഗോഡ് ജില്ലാ ലേബർ ഓഫീസിലേയ്ക്ക് ട്രാൻസ്ഫർ നൽകണമെന്നുമാണ് ടിയാന്റെ ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ളത്.

3. മേൽപ്പറഞ്ഞ വസ്തുതകയൾ പരിഗണിച്ച് താഴെപറയുന്ന ക്ലാർക്കുമാരെ അവരുടെ പേരിനു നേരെയുള്ള ആഫീസുകളിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് 2021 വർഷത്തെ തൊഴിൽ വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ ഉദ്യോഗസ്ഥരുടെ റിവൈസ്ഡ് കരട് ജനറൽ ട്രാൻസ്ഫർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക<br>ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലം | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന ഓഫീസ് | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ. ശിവദാസൻ വെള്ളക്കുടിയൻ<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്, കണ്ണൂർ | അസിസ്റ്റന്റ് ലേബർ ഓഫീസ് രണ്ടാം സർക്കിൾ, കണ്ണൂർ | അപേക്ഷയിലെ രണ്ടാം ഓപ്ഷൻ പ്രകാരം |
| 2. | ശ്രീമതി. തുഷാര. സി.ജി<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ് രണ്ടാം സർക്കിൾ<br>കണ്ണൂർ | അസിസ്റ്റന്റ് ലേബർ ഓഫീസ്, തളിപ്പറമ്പ് | അപേക്ഷ പ്രകാരം |
| 3. | ശ്രീ. ലിജിൽ. എ.എസ്.കെ<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ്,<br>തളിപ്പറമ്പ് | ലേബർ കോടതി<br>കണ്ണൂർ | അപേക്ഷ പ്രകാരം |
| 4. | ശ്രീ.വിജയൻ പുല്ലായിക്കുടിയിൽ<br>സീനിയർ ക്ലാർക്ക്<br>ലേബർ കോടതി, കണ്ണൂർ | ജില്ലാ ലേബർ ഓഫീസ്<br>കണ്ണൂർ | നിലവിൽ 3 വർഷം പൂർത്തിയാക്കി (സ്ഥലംമാറ്റം മുഖേനയുള്ള ഒഴിവിൽ) |
| 5. | ശ്രീമതി. സെൻസാ മോൾ. എസ്<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ്,<br>മങ്കൊമ്പ് | ജില്ലാലേബർ ഓഫീസ്<br>ആലപ്പുഴ | അപേക്ഷ പ്രകാരം |
| 6. | ശ്രീ. സതീന്ദ്രൻ. ഡി<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്, ആലപ്പുഴ | അസിസ്റ്റന്റ് ലേബർ ഓഫീസ്,<br>മങ്കൊമ്പ് | നിലവിൽ 3 വർഷം പൂർത്തിയാക്കി (സ്ഥലംമാറ്റം മുഖേനയുള്ള ഒഴിവിൽ) |
| 7. | ശ്രീ. സുന്ദരൻ. വി<br>ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ് പാലക്കാട് | ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്<br>നെന്മാറ | അപേക്ഷ പ്രകാരം |
| 8. | ശ്രീ. രാജേഷ്. വി.കെ<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ്,<br>പെരുമ്പാവൂർ | ലേബർ കോടതി<br>എറണാകുളം | അപേക്ഷ പ്രകാരം<br>നിലവിലെ ഒഴിവിൽ |
| 9. | ശ്രീമതി. രേവതി. കെ.ആർ<br>സീനിയർ ക്ലാർക്ക്<br>ലേബർ കമ്മീഷണറുടെ കാര്യാലയം | അസിസ്റ്റന്റ് ലേബർ ഓഫീസ്,<br>കുണ്ടറ | അപേക്ഷ പ്രകാരം<br>നിലവിലെ ഒഴിവിൽ |
| 10. | ശ്രീമതി. സമീറ. ഇ<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്<br>മലപ്പുറം | അസിസ്റ്റന്റ് ലേബർ ഓഫീസ്,<br>പൊന്നാനി | അപേക്ഷ പ്രകാരം |

| | | | |
|---|---|---|---|
| 11. | ശ്രീ. അശ്വിൻ. കെ<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ്,<br>പൊന്നാനി | ജില്ലാ ലേബർ<br>ഓഫീസ്,<br>മലപ്പുറം | നിലവിൽ 3 വർഷം<br>പൂർത്തിയാക്കി<br>(സ്ഥലംമാറ്റം<br>മുഖേനയുള്ള<br>ഒഴിവിൽ) |
| 12. | ശ്രീമതി. രശ്മി. കെ.വി<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്, കോട്ടയം | അസിസ്റ്റന്റ് ലേബർ<br>ഓഫീസ്,<br>പാല | അപേക്ഷ പ്രകാരം |
| 13. | ശ്രീമതി. ഷൈനി ജോസ്<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ്, പാല | ജില്ലാ ലേബർ<br>ഓഫീസ്<br>ഇടുക്കി | നിലവിൽ 3 വർഷം<br>പൂർത്തിയാക്കി<br>(സ്ഥലംമാറ്റം<br>മുഖേനയുള്ള<br>ഒഴിവിൽ) |
| 14. | ശ്രീ. ജെജികുമാർ<br>ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്, ഇടുക്കി | ഇൻഡസ്ട്രിയൽ<br>ട്രൈബ്യൂണൽ<br>പീരുമേട് | നിലവിൽ 3 വർഷം<br>പൂർത്തിയാക്കി<br>(സ്ഥലംമാറ്റം<br>മുഖേനയുള്ള<br>ഒഴിവിൽ) |
| 15. | ശ്രീമതി. രാജിയ.പി യൂസഫ്<br>ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ<br>പീരുമേട് | ജില്ലാ ലേബർ<br>ഓഫീസ്<br>കോട്ടയം | നിലവിൽ 3 വർഷം<br>പൂർത്തിയാക്കി<br>(സ്ഥലംമാറ്റം<br>മുഖേനയുള്ള<br>ഒഴിവിൽ) |
| 16. | ശ്രീ. ഹാരിസ്<br>സീനിയർ ക്ലാർക്ക്<br>ലേബർ കമ്മീഷണറുടെ കാര്യാലയം<br>തിരുവനന്തപുരം | ജില്ലാ ലേബർ<br>ഓഫീസ്<br>കാസറഗോഡ് | അപേക്ഷ പ്രകാരം |
| 17. | ശ്രീ. ഷാജഹാൻ<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്<br>കാസർക്കോട് | അസിസ്റ്റന്റ് ലേബർ<br>ഓഫീസ്<br>കാസറഗോഡ് | നിലവിൽ 3 വർഷം<br>പൂർത്തിയാക്കി<br>(സ്ഥലംമാറ്റം<br>മുഖേനയുള്ള<br>ഒഴിവിൽ) |
| 18. | ശ്രീ. സാജൻബാബു മർണ്ണാടിയൻ<br>സീനിയർ ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ്<br>കാസർക്കോട് | ജില്ലാ ലേബർ<br>ഓഫീസ്<br>കണ്ണൂർ | നിലവിൽ 3 വർഷം<br>പൂർത്തിയാക്കി<br>(സ്ഥലംമാറ്റം<br>മുഖേനയുള്ള<br>ഒഴിവിൽ) |
| 19. | ശ്രീ. അനിൽകുമാർ. സി.കെ<br>സീനിയർ ക്ലാർക്ക്<br>ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്<br>പത്തനംതിട്ട | ജില്ലാ ലേബർ<br>ഓഫീസ്<br>പത്തനംതിട്ട | അപേക്ഷ പ്രകാരം |
| 20. | ശ്രീമതി. മഞ്ജു. എസ്<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്<br>പത്തനംതിട്ട | ഇൻസ്പെക്ടർ ഓഫ്<br>പ്ലാന്റേഷൻസ്<br>പത്തനംതിട്ട | അപേക്ഷ പ്രകാരം |

| | | | |
|---|---|---|---|
| 21. | ശ്രീമതി. ദർശന കെ.പി<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്<br>തൃശ്ശൂർ | ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയം, തൃശ്ശൂർ | അപേക്ഷ പ്രകാരം |
| 22. | ശ്രീ. ഷൈജ അംബികേശൻ<br>സീനിയർ ക്ലാർക്ക്<br>ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ<br>കാര്യാലയം<br>തൃശ്ശൂർ | ജില്ലാ ലേബർ<br>ഓഫീസ്<br>തൃശ്ശൂർ | അപേക്ഷ പ്രകാരം |
| 23. | ശ്രീ. ഷാജു എൻ. എൻ<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ്<br>മൂന്നാം സർക്കിൾ<br>തൃശ്ശൂർ | ജില്ലാ ലേബർ<br>ഓഫീസ് തൃശ്ശൂർ | അപേക്ഷ പ്രകാരം (നിലവിലെ ഒഴിവിൽ) |
| 24. | ശ്രീമതി. ശ്രീദേവി. സി.ജി<br>സീനിയർ ക്ലാർക്ക്<br>ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്<br>നെന്മാറ | ജില്ലാ ലേബർ<br>ഓഫീസ്<br>പാലക്കാട് | നിലവിൽ 3 വർഷം പൂർത്തിയാക്കി (സ്ഥലംമാറ്റം മുഖേനയുള്ള ഒഴിവിൽ) |
| 25. | ശ്രീ. ദിലീപ്.വി.വി, ക്ലാർക്ക് ,<br>അസിസ്റ്റന്റ് ലേബർ ഓഫീസ്<br>മൂന്നാം സർക്കിൾ, കണ്ണൂർ. | അസിസ്റ്റന്റ് ലേബർ<br>ഓഫീസ്, പയ്യന്നൂർ | അപേക്ഷ പ്രകാരം |
| 26. | ശ്രീമതി. ശ്രീജ. കെ.എ<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്, കണ്ണൂർ | അസിസ്റ്റന്റ് ലേബർ<br>ഓഫീസ്, മൂന്നാം<br>സർക്കിൾ, കണ്ണൂർ. | അപേക്ഷ പ്രകാരം |

4. താഴെപ്പറയുന്ന അപേക്ഷകൾ പൊതുസ്ഥലംമാറ്റത്തിന്റെ നിബന്ധനകൾക്ക് അനുസൃതമല്ലാത്തതിനാൽ പരിഗണിച്ചിട്ടില്ല.

| ക്രമ നമ്പർ | പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലവും | അപേക്ഷ നിരസിച്ചതിനുള്ള കാരണം |
|---|---|---|
| 1) | ശ്രീമതി. സ്മിത. കെ<br>ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്, പാലക്കാട് | ആവശ്യപ്പെട്ടിരിക്കുന്ന ഓഫീസിലെ ക്ലാർക്ക് 3 വർഷം പൂർത്തിയാക്കിയിട്ടില്ല. |
| 2) | ശ്രീ. റെൻ. പി.ആർ<br>ക്ലാർക്ക്<br>ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ<br>കാര്യാലയം, തൃശ്ശൂർ | അപേക്ഷകൻ സൂപ്പർ ന്യൂമററിതസ്തികയിലായതിനാൽ പരിഗണിക്കുവാൻ സാധിക്കില്ല. |
| 3) | ശ്രീ. കെ.ഐ. ഇസഹാക്ക്<br>ക്ലാർക്ക്<br>ഡെപ്യൂട്ടി ലേബർ ഓഫീസറുടെ<br>കാര്യാലയം, പീരുമേട് | 3 വർഷം പൂർത്തിയാക്കിയിട്ടില്ല. |
| 4) | ശ്രീമതി. ദീപ.വി.കെ<br>സീനിയർ ക്ലാർക്ക്<br>ഡെപ്യൂട്ടി ലേബർ ഓഫീസറുടെ<br>കാര്യാലയം, മൂന്നാർ | 3 വർഷം പൂർത്തിയാക്കിയിട്ടില്ല. |

| | | |
|---|---|---|
| 5) | ശ്രീ. സുരേന്ദ്രൻ. കെ.കെ<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ് ഒന്നാം സർക്കിൾ, തലശ്ശേരി | 3 വർഷം പൂർത്തിയാക്കിയിട്ടില്ല. |
| 6) | ശ്രീ. എസ്. ബാബു<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ് സുൽത്താൻ ബത്തേരി | 3 വർഷം പൂർത്തിയാക്കിയിട്ടില്ല. |
| 7) | ശ്രീ. റോയ് തോമസ്സ്<br>ക്ലാർക്ക്<br>അസിസ്റ്റന്റ് ലേബർ ഓഫീസ് കാഞ്ഞിരപ്പള്ളി | 3 വർഷം പൂർത്തിയാക്കിയിട്ടില്ല. |

5. മേൽപ്പറഞ്ഞ റിവൈസ്ഡ് കരട് ട്രാൻസ്ഫർ ഉത്തരവിനെതിരെ ആക്ഷേപമുള്ളപക്ഷം ആയത് രേഖാമൂലം **esectionlcoffice@gmail.com** എന്ന ഇ-മെയിലിൽ 15/07/2021 വൈകുന്നേരം 5 മണിയ്ക്കകം ലേബർ കമ്മീഷണറേറ്റിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും, ഓഫീസുകൾക്കും (വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:

1. ലേബർ കമ്മീഷണറുടെ പി.എ
2. ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ലേബർ കോടതി (ആമുഖ കത്ത് സഹിതം)
3. അഡീഷണൽ ലേബർ കമ്മീഷണർ (ഇ, ഡബ്ല്യു, ഐ.ആർ)
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
6. ജൂനിയർ സൂപ്രണ്ട് (ഇ)
7. സ്റ്റോക്ക് ഫയൽ/ഫയൽ.

ഉത്തരവിൻപ്രകാരം,
Rajesh
ജൂനിയർ സൂപ്രണ്ട് (ഇ)

*Sar! 8721*